പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3740 — 20.10.2016 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളിൽ അസിസ്റ്റന്റ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലെ അസിസ്റ്റന്റ് തസ്തികകളിൽ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | കേരള സർവ്വകലാശാല —232<br><br>എം. ജി. സർവ്വകലാശാല -118 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. അതിൽ 108 പേർ സർവ്വീസിൽ പ്രവേശിക്കുകയും 4 പേർ സർവ്വീസിൽ പ്രവേശിക്കുന്നതിന് എക്സ്റ്റൻഷൻ വാങ്ങിയിട്ടുമുണ്ട്.<br><br>കാലിക്കറ്റ് സർവ്വകലാശാല - കാലിക്കറ്റ് സർവ്വകലാശാലകൾ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. 30.01.2016 ൽ പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടന്നുകൊണ്ടിരിക്കുന്നു. 2009 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന്റെ ഭാഗമായി ഒഴിവുവന്ന അസിസ്റ്റന്റ് തസ്തികയുടെ 20 NCA ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. 20 ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് പട്ടിക അസിസ്റ്റന്റ് നിയമനത്തിന് നൽകിയിട്ടുണ്ട്.<br><br>ജി.ഒ.(എം.എസ്.) നം.174/2016/ഉവിവ തീയതി 06.08.2016 ലെ സർക്കാർ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ , അസിസ്റ്റന്റ് രജിസ്ട്രാർ , സെക്ഷൻ |
| (ബി) | ഓരോ യൂണിവേഴ്സിറ്റിയിലും എത്ര പേർക്ക് വീതം നിയമന ശുപാർശ നല്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻമുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>മലയാള സർവ്വകലാശാല — തസ്തിക സൃഷ്ടിച്ചിട്ടില്ല.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല — അസിസ്റ്റന്റിന്റെ ഒരു ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കുസാറ്റ് - നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേക്ക് പി എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടന്നുവരുന്നു.<br><br>കണ്ണൂർ സർവ്വകലാശാല - 71 അസിസ്റ്റന്റുമാരുടെ ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18.10.2016 വരെ റിപ്പോർട്ട് ചെയ്ത 58 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.<br><br>NUALS സർവ്വകലാശാല ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. ഈ സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനത്തിന് പുതിയ സർവ്വകലാശാല നിയമം വരുന്നതിനു മുൻപ് അപേക്ഷ ക്ഷണിച്ചിരുന്നതും തുടർന്ന് അഡ്വോക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം നിയമന നടപടികളുമായി സർവ്വകലാശാല മുന്നോട്ട് പോകുന്നു. |
| (സി) | സർവ്വകലാശാലകളിലെ അസിസ്റ്റന്റ് നിയമനത്തിന് പി.എസ്.സി. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് ഓപ്ഷൻ നൽകുന്നതിന് തടസ്സങ്ങൾ | (സി) | നിലവിലുള്ള അന്തർ സർവ്വകലാശാല സ്ഥലം മാറ്റ വ്യവസ്ഥകൾ പ്രകാരം സീനിയോറിറ്റി നിലനിർത്തുവാൻ സാധ്യമല്ല. |

| | | | |
|---|---|---|---|
| | ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | ഉയർന്ന റാങ്കുകാരായ ഉദ്യോഗാർത്ഥികൾക്ക് സമീപത്തുള്ള സർവ്വകലാശാലകളിൽ നിയമനം നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ആയത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ? | (ഇ) | നിവേദനങ്ങളിലെ ആവശ്യം പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**